"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പാലക്കാട്, പുളിയപറമ്പ ഹയർ സെക്കന്ററി സ്കൂളിലെ ക്ളാർക്കായ ശ്രീ.അബ്ദുൾ റഷീദ് മുതൽപേർ ഫയൽ ചെയ്ത റിട്ട് ഹർജി നം.20352/2024-യിലെ 05.05.2024ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4433/2025/GEDN തീയതി,തിരുവനന്തപുരം, 04-07-2025

---

പരാമർശം:-

1. ശ്രീ.അബ്ദുൾ റഷീദ് മുതൽപേർ ഫയൽ ചെയ്ത റിട്ട് ഹർജി നം.20352/2024-യിലെ 05.05.2024 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം.
2. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 25.11.2024ലെ DDEPKD/1825/2022-B4 നം. കത്ത്.
3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16.11.2024 ലെ DEOPKD/1829/2024-B1 നം. കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28.06.2025ലെ ഇ.എം 1/22924/2024/ഡി.ജി.ഇ നം. കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട്, പുളിയപറമ്പ ഹയർ സെക്കന്ററി സ്കൂളിലെ ക്ളാർക്കായ ശ്രീ.അബ്ദുൾ റഷീദ് മുതൽപേർ ഫയൽ ചെയ്ത റിട്ട് ഹർജി നം.20352/2024-യിലെ 05.05.2024ലെ ബഹു. ഹൈക്കോടതി വിധിന്യായ പ്രകാരം, റിട്ട് ഹർജി നം.23433/2011 -യിലെ പരാമർശം(1) വിധിന്യായം, എക്സിബിറ്റ് പി 17 , റിട്ട് ഹർജി നം.18986/2009 -യിലെ 09.07.2010 ലെ വിധിന്യായം, റിട്ട് ഹർജി നം.15702/2011 -യിലെ 04.04.2012 ലെ വിധിന്യായം എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് വിധിന്യായം കൈപ്പറ്റി 3 മാസത്തിനകം, ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ നിർദ്ദേശിച്ചിരിക്കുന്നു.

2. സർക്കാർ ഈ വിഷയം 13.11.2024 ന് നേരിൽ കേട്ടു. ഹർജിക്കാരുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെയും വാദഗതികൾ ചുവടെച്ചേർക്കുന്നു.

<u>ശ്രീ.അബ്ദുൾ റഷീദ്</u>

3. പാലക്കാട്, പുളിയപറമ്പ ഹയർ സെക്കന്ററി സ്കൂളിലെ എഫ്.ടി.എം ആയ ശ്രീ.എ.അബ്ദുൽ റഷീദ് എന്നയാളെ 2002-03ൽ അനുവദിച്ച അധിക ക്ലറിക്കൽ തസ്തികയിലേക്ക് 05.06.2002 ന് ക്ലാർക്കായി പ്രൊമോട്ട് ചെയ്തു. ഈ നിയമനം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു. 2005-06ൽ ഒരു ക്ലറിക്കൽ തസ്തിക നഷ്ടപ്പെട്ടതിനാൽ ശ്രീ.എ.അബ്ദുൽ റഷീദിനെ എഫ്.ടി.എം തസ്തികയിലേക്ക് റിവർട്ട് ചെയ്തു. 2006-07 ൽ ക്ലറിക്കൽ തസ്തിക പുനഃസ്ഥാപിക്കപ്പെട്ടു. ഇതിലേക്ക് 06.06.2006 മുതൽ ശ്രീ.എ.അബ്ദുൽ റഷീദിനെ പ്രൊമോട്ട് ചെയ്തു. എന്നാൽ, 17.08.2005 ലെ സ.ഉ(പി)നം.317/2005/പൊവിവ പ്രകാരം നിയമന നിയന്ത്രണം ഉണ്ടായിരുന്നതിനാൽ ഈ നിയമനം

അംഗീകരിക്കപ്പെട്ടില്ല. പിന്നീട് വിദ്യാഭ്യാസ പാക്കേജിൽ ഉൾപ്പെടുത്തി 12.11.2010 ലെ സ.ഉ(പി)നം.10/10/പൊ.വി.വ പ്രകാരം 01.06.2011 മുതൽ നിയമനം അംഗീകരിച്ചു. 15.07.2006 മുതൽ 31.05.2011 വരെ ക്ലറിക്കൽ തസ്തികയിൽ നിയമനം അംഗീകരിക്കണം എന്നതാണ് ആവശ്യം. 12.11.2010 ലെ സ.ഉ(പി)നം.10/10/പൊവിവയുമായി ബന്ധപ്പെട്ട കേസ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിലാണ്. 12.11.2010ലെ സ.ഉ(പി)നം. 10/10/പൊവിവ അനുസരിച്ചുള്ള ബോണ്ട് സമർപ്പിച്ചിട്ടുണ്ട് എന്ന നിഗമനത്തിൽ ഒട്ടനവധി പേരുടെ നിയമനങ്ങൾ അംഗീകരിച്ചിട്ടുണ്ട്.

<u>ശ്രീ.ജയകുമാർ.വി.കെ.</u>

4. പാലക്കാട്, പുളിയപറമ്പ ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.വാപ്പുട്ടിയെ ഹയർ സെക്കണ്ടറിയിൽ ലാബ് അസിസ്റ്റന്റായി നിയമിച്ച ഒഴിവിലേക്ക് ഈ സ്കൂളിൽ എഫ്.ടി.എം ആയി ജോലി ചെയ്യുന്ന ശ്രീ.മുബാറക്കിനെ 28.03.2023 ന് ഓഫീസ് അറ്റൻഡന്റായി നിയമിച്ചു. ശ്രീ.വാപ്പുട്ടിയുടെ ലാബ് അസിസ്റ്റന്റ് നിയമനം 28.03.2003 മുതൽ അംഗീകരിച്ചു. ശ്രീ.മുബാറക്കിന്റെ ഒഴിവിൽ നിയമിക്കപ്പെട്ട ശ്രീ.ജയകുമാറിന്റെ എഫ്.ടി.എം നിയമനം 28.03.2003 മുതൽ അംഗീകരിച്ചു. 2005-06 ൽ തസ്തിക നഷ്ടപ്പെട്ടതിനാൽ 15.07.2005 മുതൽ പുറത്തായി. പിന്നീട് 2006-07 ൽ തസ്തിക പുനഃസ്ഥാപിച്ചതിനാൽ 05.06.2006 മുതൽ എഫ്.ടി.എം ആയി പുനർനിയമനം നൽകി. എന്നാൽ ഇത് 01.06.2011 മുതൽ മാത്രമേ അംഗീകരിച്ചുള്ളൂ. 15.7.2006 മുതൽ 31.5.2011 വരെയുള്ള എഫ്.ടി.എം നിയമനം അംഗീകരിക്കണം എന്നാതാണ് ആവശ്യം.

<u>ശ്രീ.സീനത്ത്.എം.</u>

5. 2002-03 ലെ അധിക എഫ്.ടി.എം തസ്തികയിൽ 22.07.2002 മുതൽ നിയമിച്ചു. ടി നിയമനം ഡി.ഇ.ഒ അംഗീകരിച്ചു. പിന്നീട് 2005-06 ൽ ഒരു എഫ്.ടി.എം തസ്തിക നഷ്ടപ്പെട്ടു. ശ്രീമതി.സീനത്തും ശ്രീ.ജയകുമാറും തമ്മിലുള്ള സീനിയോറിറ്റി തർക്കം നിലനിന്നതിനാൽ 15.07.2005 മുതൽ രണ്ടുപേർക്കും ശമ്പളം നൽകിയില്ല. ഇതിനെതിരെ ശ്രീമതി.സീനത്ത് കോടതിയെ സമീപിച്ചു. കോടതി നിർദ്ദേശമനുസരിച്ച് ശ്രീമതി.സീനത്തിന്റെ സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകി. 22.07.2002 മുതലുള്ള എല്ലാ ആനുകൂല്യങ്ങളും ശ്രീമതി.സീനത്തിന് ലഭിച്ചിട്ടുണ്ട്.

<u>ശ്രീ.ജോഷ്ന.കെ.ബി</u>

6. ശ്രീ.അബ്ദുൽ റഷീദിനെ ക്ലറിക്കൽ തസ്തിക പുനഃസ്ഥാപിച്ചതിനെ തുടർന്ന് വീണ്ടും പ്രൊമോട്ട് ചെയ്ത ഒഴിവിൽ ശ്രീ.ജോഷ്ന.കെ.ബിയെ 6.6.2006 മുതൽ എഫ്.ടി.എം ആയി നിയമിച്ചു. ശ്രീ.അബ്ദുൽ റഷീദിനെ 15.07.2006 മുതൽ അനുവദിക്കേണ്ട തസ്തികയിലേക്കാണ് നിയമിച്ചത് എന്നതിനാൽ 15.07.2006 മുതൽ മാത്രമേ നിയമനം അംഗീകരിക്കൂ. അതിനാൽ ശ്രീ.ജോഷ്നവിന്റെ നിയമനവും 15.7.2006 മുതൽ അംഗീകരിക്കേണ്ടതുണ്ട്. 01.06.2011 മുതൽ മാത്രമാണ് നിയമനം അംഗീകരിച്ചിട്ടുള്ളത്. 15.07.2006 മുതൽ 31.5.2011 വരെയുള്ള നിയമനം അംഗീകരിക്കണം എന്നതാണ് ആവശ്യം. വിദ്യാഭ്യാസ പാക്കേജിൽ ഉൾപ്പെടുത്തി 12.11.2010 ലെ സ.ഉ(പി)നം.10/10/പൊവിവ പ്രകാരമാണ് 01.06.2011 മുതൽ നിയമനം അംഗീകരിച്ചിട്ടുള്ളത്. 12.11.2010 ലെ സ.ഉ(പി) നം.10/10/പൊവിവയുമായി ബന്ധപ്പെട്ട കേസ് ഇപ്പോൾ ബഹു. സുപ്രീം കോടതിയിലാണ്. പ്രസ്തുത ഉത്തരവ് പ്രകാരം ബോണ്ട് സമർപ്പിച്ചിട്ടുണ്ട് എന്ന നിഗമനത്തിൽ ഒട്ടനവധി പേരുടെ നിയമനങ്ങൾ ഇതിനകം അംഗീകരിച്ചിട്ടുണ്ട്.

7. വിദ്യാഭ്യാസ ഓഫീസർമാർ ചുവടെപ്പറയും പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാലക്കാട്, പുളിയപറമ്പ എച്ച്.എസിലെ ക്ളാർക്കായ ശ്രീഎ.അബ്ദുൾ റഷീദിന് 2002-03 തസ്തിക നിർണ്ണയത്തിൽ അനുവദിച്ച

അധിക ക്ലറിക്കൽ തസ്തികയിൽ എഫ്.ടി.എം. തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.എ.അബ്ദുൽ റഷിദിനെ 05.06.2002ന് ക്ലർക്കായി സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിച്ചു. പ്രസ്തുത നിയമനം ബി1/6734/2005/കെ.ഡിസ് നടപടിക്രമം പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകി. 2005-06 തസ്തിക നിർണ്ണയത്തിൽ കുട്ടികളുടെ കുറവുമൂലം ഒരു ക്ലറിക്കൽ തസ്തിക നഷ്ടപ്പെട്ടതിനാൽ ശ്രീ.എ.അബ്ദുൽ റഷീദിനെ എഫ്.ടി.എം. തസ്തികയിലേക്ക് റിവേർട്ട് ചെയ്തു. 2006-07 തസ്തിക നിർണ്ണയത്തിൽ കുട്ടികളുടെ എണ്ണം അധികരിച്ചതിനാൽ 2005-06 തസ്തിക നിർണ്ണയത്തിൽ കുട്ടികളുടെ കുറവുമൂലം നഷ്ടപ്പെട്ട ഒരു ക്ലറിക്കൽ തസ്തിക വീണ്ടും പുനഃസ്ഥാപിക്കപ്പെട്ടു. ഇതിലേക്ക് 15/07/2006 മുതൽ ശ്രീ.എ.അബ്ദുൽ റഷീദിനെ പ്രൊമോട്ട് ചെയ്ത് മാനേജർ വീണ്ടും നിയമിച്ചു. നിയമനനിരോധനം ഉണ്ടായിരുന്നതിനാൽ ഈ നിയമനം അംഗീകരിക്കപ്പെട്ടില്ല. പിന്നീട് വിദ്യാഭ്യാസ പാക്കേജിൽ ഉൾപ്പെടുത്തി 12.11.2010 ലെ സ.ഉ(പി)നം.10/10/പൊവിവ പ്രകാരം 01/06//2011 മുതൽ നിയമനം അംഗീകരിച്ചു.

8. പാലക്കാട്, പുളിയപ്പറമ്പ എച്ച്.എസിലെ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ.വാപ്പുട്ടിയെ ഹയർ സെക്കണ്ടറിയിൽ ലാബ് അസിസ്റ്റന്റായി 28.03.2003 മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചതിലൂടെ ഉണ്ടായ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവിലേക്ക് ഈ സ്കൂളിൽ എഫ്.ടി.എം. തസ്തികയിൽ ജോലി ചെയ്തു വന്നിരുന്ന ശ്രീ.മുബാറക്കിനെ 28.03.2003ന് ഓഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിച്ചു. ശ്രീ.മുബാറക്കിനെ 28.03.2003ന് ഓഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകി നിയമിച്ചതിലൂടെ ഉണ്ടായ എഫ്.ടി.എം. തസ്തിക ഒഴിവിൽ ശ്രീ.ജയകുമാറിനെ 28.03.2003 മുതൽ എഫ്.ടി.എം. ആയി മാനേജർ നിയമിക്കുകയും, നിയമനം 29/06/2006 ലെ ബി1/6732/2005/കെ.ഡിസ് നം. നടപടിക്രമം പ്രകാരം അംഗികരിച്ചു നൽകുകയും ചെയ്തിരുന്നു. 2005-06 തസ്തിക നിർണ്ണയത്തിൽ കുട്ടികളുടെ കുറവുമൂലം തസ്തിക നഷ്ടപ്പെട്ടതിനാൽ 15.07.2005 മുതൽ പുറത്തായി. പിന്നീട് 2006-07 വർഷത്തെ തസ്തിക നിർണ്ണയത്തിൽ എഫ്.ടി.എം. തസ്തിക പുനഃസ്ഥാപിച്ചതിനാൽ ശ്രീ.ജയകുമാറിനെ 05.06.2006 മുതൽ എഫ്.ടി.എം. ആയി പുനർനിയമനം നൽകി. 17.08.2005 ലെ സ.ഉ(പി)നം.317/2005/പൊവിവ പ്രകാരം നിയമന നിരോധനം ഉണ്ടായിരുന്നതിനാൽ ഈ നിയമനം അംഗീകരിക്കപ്പെട്ടില്ല. പിന്നീട് വിദ്യാഭ്യാസ പാക്കേജിൽ ഉൾപ്പെടുത്തി 12.11.2010 ലെ സ.ഉ(പി)നം. 10/10/പൊവിവ പ്രകാരം 01.06.2011 മുതൽ നിയമനം അംഗീകരിച്ചു. 15.07.2006 മുതൽ 31.05.2011 വരെയുള്ള എഫ്.ടി.എം. തസ്തികയിലെ നിയമനം അംഗീകരിക്കണം എന്നാണ് ആവശ്യം.

9. ശ്രീ.അബ്ദുൽ റഷീദിനെ ക്ലറിക്കൽ തസ്തിക പുനഃസ്ഥാപിച്ചതിനെ തുടർന്ന് 05.06.2006 മുതൽ വിണ്ടും പ്രൊമോട്ട് ചെയ്ത ഒഴിവിൽ ശ്രീ.ജോഷ്ന.കെ.ബിയെ 06.06.2006 മുതൽ എഫ്.ടി.എം. ആയി മാനേജർ നിയമിച്ചു. ശ്രീ.അബ്ദുൽ റഷീദിനെ 15.07.2006 മുതൽ അനുവദിക്കേണ്ട തസ്തികയിലാണ് ശ്രീ.ജോഷ്ന.കെ.ബി.യെ നിയമിച്ചത് എന്നതിനാൽ 15.07.2006 മുതൽ മാത്രമേ നിയമനം അംഗീകരിക്കുവാൻ കഴിയുകയുള്ളു. അതിനാൽ, ശ്രീ.ജോഷ്നവിന്റെ നിയമനവും 15.07.2006 മുതൽ അംഗീകരിക്കേണ്ടതുണ്ട്. നിലവിൽ ശ്രീ.ജോഷ്നവിന്റെ നിയമനം 01.06.2011 മുതൽ മാത്രമാണ് അംഗീകരിച്ചിട്ടുള്ളത്. 15.07.2006 മുതൽ 31.05.2011 വരെയുള്ള നിയമനം അംഗീകരിക്കണം എന്നതാണ് ആവശ്യം.

10. 2002-03 തസ്തിക നിർണ്ണയത്തിൽ അനുവദിച്ച അധിക എഫ്.ടി.എം. തസ്തികയിൽ ശ്രീമതി സീനത്തിനെ 22.7.2002 മുതൽ എഫ്.ടി.എം. ആയി മാനേജർ നിയമിച്ചു. നിയമനം 22/07/2005 ലെ ഉത്തരവ് നമ്പർ ബി1/1788/2005/കെ.ഡിസ് പ്രകാരം അംഗീകരിച്ചു. 2005-06 തസ്തിക നിർണ്ണയത്തിൽ ഒരു എഫ്.ടി.എം. തസ്തിക നഷ്ടപ്പെട്ടു. ശ്രീമതി.സീനത്തും ശ്രീ.ജയകുമാറും തമ്മിലുള്ള സീനിയോറിറ്റി

തർക്കം നിലനിന്നതിനാൽ 15.07.2005 മുതൽ രണ്ടുപേർക്കും ശമ്പളം നൽകിയില്ല. ഇതിനെതിരെ, ശ്രീമതി.സീനത്ത് കോടതിയെ സമീപിച്ചു. കോടതി നിർദ്ദേശമനുസരിച്ച് ശ്രീമതി.സീനത്തിന്റെ സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകി. 22.07.2002 മുതലുള്ള എല്ലാ ആനുകൂല്യങ്ങളും ശ്രീമതി.സീനത്തിന് ലഭിച്ചിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2006-07 മുതൽ 2010-11 വരെയുള്ള കാലഘട്ടത്തിലെ നിയമനങ്ങൾ 17.08.2005 ലെ സ.ഉ(പി)നം.317/2005/പൊവിവ പ്രകാരം നിയമന നിരോധനം ഉണ്ടായിരുന്നതിനാൽ നിയമനം അംഗീകരിക്കപ്പെട്ടില്ല. 12.11.2010 ലെ സ.ഉ(പി)നം.10/10/പൊവിവ പ്രകാരം മാനേജരോട് ബോണ്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും തുടർന്ന് ഇക്കാലഘട്ടത്തിൽ നിയമിക്കപ്പെട്ടവരുടെ നിയമനങ്ങൾ പാക്കേജിൽ ഉൾപ്പെടുത്തി 01.06.2011 മുതൽ അംഗീകരിക്കുകയും ചെയ്തു.

11. പൊതുവിദ്യാഭ്യാസ ഡയറക്ടർ ചുവടെപ്പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

<u>ശ്രീ.എ.അബ്ദുൾ റഷീദ്</u>

2002-03ലെ തസ്തിക നിർണ്ണയത്തിൽ അനുവദിച്ച അധിക ക്ലറിക്കൽ തസ്തികയിൽ 2002-03 വർഷത്തിൽ എഫ്.ടി.എം. തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.എ. അബ്ദുൽ റഷീദിനെ 5.6.2002 ന് ക്ലർക്കായി പ്രൊമോട്ട് ചെയ്തു മാനേജർ നിയമിച്ചിരുന്നു. നിയമനം ജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകി. 2005-06ലെ തസ്തിക നിർണ്ണയത്തിൽ കുട്ടികളുടെ കുറവുമൂലം ഒരു ക്ലറിക്കൽ തസ്തിക നഷ്ടപ്പെട്ടതിനാൽ ശ്രീ.എ.അബ്ദുൾ റഷീദിനെ എഫ്.ടി.എം.തസ്തികയിലേക്ക് റിവേർട്ട് ചെയ്തു. 2006-07ലെ തസ്തിക നിർണ്ണയത്തിൽ കുട്ടികളുടെ എണ്ണം അധികരിച്ചതിനാൽ 2005-06 തസ്തിക നിർണ്ണയത്തിൽ കുട്ടികളുടെ കുറവുമൂലം നഷ്ടപ്പെട്ട ഒരു ക്ലറിക്കൽ തസ്തിക വീണ്ടും പുനഃസ്ഥാപിക്കപ്പെട്ടു. ഇതിലേക്ക് 15.7.2006 മുതൽ ശ്രീ.എ.അബ്ദുൽ റഷീദിനെ പ്രൊമോട്ട് ചെയ്തു മാനേജർ വീണ്ടും നിയമിച്ചു. 17.8.2005 ലെ GO(P) 317/2005/പൊവിവ പ്രകാരം നിയമന നിരോധനം ഉണ്ടായിരുന്നതിനാൽ ഈ നിയമനം അംഗീകരിക്കപ്പെട്ടില്ല. പിന്നീട് വിദ്യാഭ്യാസ പാക്കേജിൽ ഉൾപ്പെടുത്തി 12.11.2010ലെ സ.ഉ(പി)നം. 10/10/പൊവിവ പ്രകാരം 1.6.2011 മുതൽ നിയമനം അംഗീകരിച്ചു. 15.7.2006 മുതൽ 31.5.2011 വരെയുള്ള ക്ലറിക്കൽ തസ്തികയിൽ നിയമനം അംഗീകരിക്കണം എന്നതാണ് റിട്ട് ഹർജിയിലെ ആവശ്യം . അധിക തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം ആകയാൽ ശ്രീ. എ. അബ്ദുൽ റഷീദിൻറെ 15.7.2006 മുതൽ 31.5.2011 വരെയുള്ള ക്ലറിക്കൽ തസ്തികയിൽ നിയമനം പരിഗണിക്കാവുന്നതാണ്.

<u>ശ്രീ. ജയകുമാർ.വി.കെ.</u>

പുളിയപ്പറമ്പ എച്ച്.എസിലെ ഓഫീസ് അറ്റൻഡൻ്റ് തസ്തികയിൽ ജോലിചെയ്തിരുന്ന ശ്രീ.വാപ്പുട്ടിയെ ഹയർ സെക്കണ്ടറിയിൽ ലാബ് അസിസ്റ്റൻറ് ആയി 28.3.2003 മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചതിലൂടെ ഉണ്ടായ ഓഫീസ് അറ്റെൻഡന്റ് തസ്തിക ഒഴിവിലേക്ക് ഈ സ്കൂളിൽ എഫ്.ടി.എം. തസ്തികയിൽ ജോലി ചെയ്തു വന്നിരുന്ന ശ്രീ. മുബാറക്കിനെ 28.3.2003-ന് ഓഫീസ് അറ്റെൻഡൻ്റ് ആയി സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിച്ചു. ശ്രീ.മുബാറക്കിനെ 28.3.2003 ന് ഓഫീസ് അറ്റെൻഡന്റായി സ്ഥാനക്കയറ്റം നൽകി നിയമിച്ചതിലൂടെ ഉണ്ടായ എഫ്.ടി.എം തസ്തിക ഒഴിവിൽ ശ്രീ. ജയകുമാറിനെ 28.3.2003 മുതൽ എഫ്.ടി.എം ആയി മാനേജർ നിയമിക്കുകയും, നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകുകയും ചെയ്തിരുന്നു. 2005-06 തസ്തിക നിർണ്ണയത്തിൽ കുട്ടികളുടെ കുറവുമൂലം തസ്തിക നഷ്ടപ്പെട്ടതിനാൽ 15.7.2005 മുതൽ പുറത്തായി. പിന്നീട് 2006-07 വർഷത്തെ തസ്തിക നിർണ്ണയത്തിൽ എഫ്.ടി.എം തസ്തിക പുനഃസ്ഥാപിച്ചതിനാൽ ശ്രീ ജയകുമാറിനെ 5.6.2006 മുതൽ എഫ്.ടി.എം ആയി പുനർനിയമനം നല്കി. 17.8.2005 ലെ GO(P) 317/2005/പൊവിവ പ്രകാരം നിരോധനം ഉണ്ടായിരുന്നതിനാൽ ഈ നിയമനം അംഗീകരിക്കപ്പെട്ടില്ല.

പിന്നീട് 12.11.2010ലെ സ.ഉ(പി)നം.10/10/പൊവിവ പ്രകാരം 1.6.2011 മുതൽ നിയമനം അംഗീകരിച്ചു. 15.7.2006 മുതൽ 31.5.2011 വരെയുള്ള എഫ്.ടി.എം തസ്തികയിലെ നിയമനം അംഗീകരിക്കണം എന്നാണ് ആവശ്യം. ശ്രീ.ജയകുമാർ നിയമനതിയതിയിൽ ചട്ടം 51 എ അവകാശിയാണ്. അതിനാൽ 15.7.2006 മുതൽ 31.5.2011 വരെയുള്ള എഫ്.ടി.എം. തസ്തികയിലെ നിയമനം പരിഗണിക്കാവുന്നതാണ്.

<u>ശ്രീ.ജിഷ്ണു.കെ.ബി.</u>

ശ്രീ.അബ്ദുൽ റഷീദിനെ ക്ലറിക്കൽ തസ്തിക പുനഃസ്ഥാപിച്ചതിനെ തുടർന്ന് 5.6.2006 മുതൽ വീണ്ടും പ്രൊമോട്ട് ചെയ്ത ഒഴിവിൽ ശ്രീ.ജിഷ്ണു.കെ.ബിയെ 6.6.2006 മുതൽ എഫ്.ടി.എം ആയി മാനേജർ നിയമിച്ചു. നിലവിൽ ശ്രീ. ജിഷ്ണുവിൻറെ നിയമനം 1.6.2011 മുതൽ മാത്രമാണ് അംഗീകരിച്ചിട്ടുള്ളത്. 15.7.2006 മുതൽ 31.5.2011 വരെയുള്ള നിയമനം അംഗീകരിക്കണം എന്നതാണ് ആവശ്യം. ശ്രീ.അബ്ദുൽ റഷീദിൻറെ ടി കാലയളവിലെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ജിഷ്ണുവിൻറെ 15.7.2006 മുതൽ 31.5.2011 വരെയുള്ള നിയമനം പരിഗണിക്കാവുന്നതാണ്.

<u>ശ്രീമതി.സീനത്ത്</u>

2002-03 തസ്തിക നിർണ്ണയത്തിൽ അനുവദിച്ച അധിക എഫ്.ടി.എം. തസ്തികയിൽ ശ്രീമതി സീനത്തിനെ 22.7.2002 മുതൽ എഫ്.ടി.എം. ആയി മാനേജർ നിയമിച്ചു. നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിരുന്നു. 2005-06 തസ്തിക നിർണ്ണയത്തിൽ ഒരു എഫ്.ടി.എം തസ്തിക നഷ്ടപ്പെട്ടു. ശ്രീമതി.സീനത്തും ശ്രീ.ജയകുമാറും തമ്മിലുള്ള സീനിയോറിറ്റി തർക്കം നിലനിന്നതിനാൽ 15.7.2005 മുതൽ രണ്ടുപേർക്കും ശമ്പളം നൽകിയില്ല. ഇതിനെതിരെ ശ്രീമതി.സീനത്ത് കോടതിയെ സമീപിച്ചു. കോടതി നിർദ്ദേശമനുസരിച്ച് ശ്രീമതി.സീനത്തിൻറെ സീനിയോറിറ്റി പുന:സ്ഥാപിച്ചു നല്കി. (7.9.2015 ലെ സ.ഉ(സാധാ)നം.3841/2015/പൊവിവ ). 22.7.2002 മുതലുള്ള എല്ലാ ആനുകൂല്യങ്ങളും ശ്രീമതി.സീനത്തിന് ലഭിച്ചിട്ടുണ്ട് .

12. സർക്കാർ ഈ വിഷയം നിലവിലുള്ള വിദ്യാഭ്യാസ ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും ഹിയറിംഗിൽ ഉന്നയിച്ച വാദഗതികളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 12/01/2010 ലെ G.O.(P) 10/2010/പൊവിവ നം. ഉത്തരവിലെ നിർദ്ദേശ പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിക്കുകയോ, മേൽ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള ബോണ്ട് സമർപ്പിച്ചതായി കണക്കാക്കിയോ റിട്ട് ഹർജി നം. 20352/2024യിലെ പരാമർശം (1) വിധിന്യായത്തിലെ ഹർജിക്കാരുടെ നിയമനങ്ങൾ, വ്യവസ്ഥാപിത തസ്തികകൾ ഉള്ള പക്ഷം അവരവരുടെ നിയമനത്തീയതികൾ മുതൽ അംഗീകരിച്ചു നൽകുവാനും സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസുകളിലെ അന്തിമവിധിക്കു വിധേയമായി മാത്രം നടപ്പിലാക്കുവാനുള്ള നിർദ്ദേശവും നിയമനങ്ങൾ വ്യവസ്ഥാപിത തസ്തികളിലാണെന്നും മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമാണെന്നും ഉറപ്പുവരുത്തുനാനുള്ള നിർദ്ദേശവും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നല്കി പാലക്കാട്, പുളിയപറമ്പ ഹയർ സെക്കന്ററി സ്കൂളിലെ ക്ളാർക്കായ ശ്രീ.അബ്ദുൾ റഷീദ് മുതൽപേർ ഫയൽ ചെയ്ത റിട്ട് ഹർജി നം.20352/2024-യിലെ പരാമർശം(1) വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (അറിവിലേക്കായി)
ശ്രീ.എ.അബ്ദുൾ റഷീദ്, ക്ലർക്ക്, പുളിയപ്പറമ്പ ഹയർ സെക്കൻഡറി സ്കൂൾ, കൊടുന്തിരപ്പുള്ളി, പാലക്കാട്
ശ്രീ.ജയകുമാർ വി.കെ., എഫ്.ടി.എം., പുളിയപ്പറമ്പ ഹയർ സെക്കൻഡറി സ്കൂൾ, കൊടുന്തിരപ്പുള്ളി, പാലക്കാട്
ശ്രീമതി.സീനത്ത്.എം., എഫ്.ടി.എം., പുളിയപ്പറമ്പ ഹയർ സെക്കൻഡറി സ്കൂൾ, കൊടുന്തിരപ്പുള്ളി, പാലക്കാട്
ശ്രീ.ജോഷ്ണ.കെ.ബി., എഫ്.ടി.എം., പുളിയപ്പറമ്പ ഹയർ സെക്കൻഡറി സ്കൂൾ, കൊടുന്തിരപ്പുള്ളി, പാലക്കാട്
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
മാനേജർ, പുളിയപ്പറമ്പ ഹയർ സെക്കൻഡറി സ്കൂൾ, കൊടുന്തിരപ്പുള്ളി, പാലക്കാട്
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Resmi Babu
Date: 04-07-2025 12:41:39

പകർപ്പ്: ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.